# കാർഷിക കാഴ്ചകളുടെ സമ്മിശ്രകൃഷിയിടം

നെല്ലി ചെങ്ങമനാട്

കൃഷി മനസിന് ആരോഗ്യം പകരുന്നതാണ്. കാർഷിക കാഴ്ചകൾ മനസിനു വിരുന്നൊരുക്കും. ഇത്തരത്തിൽ കൃഷി ക്രമീകരിക്കുകയാണ് മലയാളിയായ കുര്യൻ ജോസ്. മലയാളക്കരയിൽ നിന്ന് അയൽസംസ്ഥാനങ്ങളിലെത്തി ഇവിടെ കൃഷി ചെയ്യുന്ന മലയാളികളുടെ എണ്ണം വർധിക്കുകയാണ്. തമിഴ്നാട്ടിലെ തേനി ക്കടുത്തുള്ള ലോവർക്യാമ്പിൽ കൃഷി ഫലവത്താക്കുയാണ് കുര്യൻ ജോസ്. കൊച്ചിയിലെ വ്യവസായിയായ ഇദ്ദേഹം 35 ഏക്കറിലാണ് പഴവർഗങ്ങൾ ഉൾപ്പെടെ സമ്മിശ്രകൃഷി നടത്തുന്നത്.

മാതളമാണ് പ്രധാന പഴവർഗവിള. ഏഴായിരം



കുര്യൻ ജോസ്

ചെടികളാണ് ഈ തോട്ടത്തിലുള്ളത്. പ്രതികൂല സാഹചര്യങ്ങളെയും ലവണാംശത്തെയും അതിജീവിക്കാനുള്ള കഴിവാണ് മാതളകൃഷിയിലേക്ക് ഇറങ്ങാൻ പ്രേരകമായത്. കൂടാതെ ഗ്ലാമർ പഴമെന്ന നിലയിൽ വിലയും ഡിമാൻഡും കൂടുതലുണ്ട്. ജലക്ഷാമമുള്ള പ്രദേശങ്ങളിലും കൃഷി ചെയ്യാൻ കഴിയും. മാതളത്തിന് വരണ്ട കാലാവസ്ഥയോടാണ് കൂടുതൽ പ്രിയം.




## മാതളകൃഷി

രണ്ടുമീറ്റർ വരെ ഉയരത്തിൽ കുറ്റിച്ചെടിയായി വളരുന്നതാണ് മാതളം. ശീതകാലത്ത് ഇലപൊഴിക്കുന്ന ഇവ സമുദ്രനിരപ്പിൽ നിന്ന് 1800 മീറ്റർ വരെ ഉയരമുള്ള സ്ഥലങ്ങളിൽ കൃഷിചെയ്യാം. ഒരേക്കറിൽ എഴുന്നൂറ് ചെടികൾ വരെ നടാം.

നട്ട് മൂന്നാം വർഷം മുതൽ വിളവെടുക്കാം. വെള്ളവും വളവും ഡ്രിപ്പ് സംവിധാനത്തിലൂടെ നൽകുന്നു. മികച്ച വിളവു നൽകുന്ന 'ഭഗവ്' എന്ന ഇനമാണ് ഭൂരിഭാഗവും. ചെടികൾ തമ്മിൽ പത്തടിയും വരികൾ തമ്മിൽ പതിനഞ്ചടിയുമാണ് നൽകിയിരിക്കുന്ന അകലം. ഒരേക്കറിൽ അഞ്ഞൂറു തൈകൾ നട്ടിരിക്കുന്നു.

രണ്ടടി ചതുരത്തിലും ആഴത്തിലും കുഴികളെടുത്ത് ചാണകവും കമ്പോസ്റ്റും എല്ലുപൊടിയും ചേർക്കും. മേൽമണ്ണിട്ട് മൂടിയ ശേഷമാണ് തൈകൾ നടുന്നത്. ചെടികളുടെ ചുവട്ടിൽ വെള്ളം കെട്ടിനിൽക്കാതെ സംരക്ഷിക്കണം. വേനൽക്കാലത്ത് നനയും നൽകണം. ഗുണമേന്മയുള്ള തൈകളല്ലെങ്കിൽ പുഷ്പിക്കാൻ താമസിക്കും. ഭക്ഷ്യയോഗ്യമായ പഴങ്ങളും കുറവായിരിക്കും. വളർച്ച അനുസരിച്ചാണ് വളപ്രയോഗം ക്രമീകരിക്കേണ്ടത്. പൂർണമായും ജൈവരീതിയിലാണ് കൃഷി. ചാണകവും ജീവാണുവളങ്ങളും കമ്പോസ്റ്റും വർഷത്തിൽ മൂന്നുതവണ നൽകും. വളർച്ചയും വിളവും കുറവുള്ളവയ്ക്ക് രണ്ടോ മൂന്നോ തവണ വളം നൽകും. അഞ്ചു വർഷമാകുന്നതോടെ നല്ല വിളവു കിട്ടിത്തുടങ്ങും. മാതളക്കൃഷി തുടങ്ങിയിട്ട് അഞ്ചു വർഷമാകുന്നു. ഒരു ചെടിയിൽ നിന്ന് കുറഞ്ഞത് പതിനഞ്ചു കിലോവരെ വിളവു ലഭിക്കുന്നുണ്ട്. കൂടുതൽ ഉത്പാദനത്തിന് ശാസ്ത്രീയ വളപ്രയോഗം ആവശ്യമാണ്. ഓരോ വിളവെടുപ്പിനു ശേഷവും കമ്പുകോതൽ നടത്തണം. ശിഖര വളർച്ച കൂട്ടിയാൽ ഉത്പാദനം വർധിപ്പിക്കാം. ഓഗസ്റ്റ് മുതൽ പുഷ്പിച്ചു തുടങ്ങുന്ന മാതളത്തിൽ നിന്ന് മേയ് വരെ വിളവു ലഭിക്കും.

കുമളിയിൽ നിന്ന് പതിനഞ്ച് കിലോമീറ്റർ അകലെയാണ് ലോവർ ക്യാമ്പ്. ഇവിടത്തെ തരിശായതും വരണ്ടതുമായ മണ്ണിനെ ശാസ്ത്രീയമായി സംരക്ഷിച്ച് മികച്ച കൃഷിയിടമാക്കിയിരിക്കുന്നു. ജൈവരീതിയിൽ കൃഷി നടക്കുന്ന ഈ തോട്ടത്തിൽ മാതളത്തോടൊപ്പം അൽഫോൻസ്, മല്ലിക, സേലം തുടങ്ങിയ ഇനങ്ങളിൽപ്പെട്ട നാനൂറ് മാവുകളുമുണ്ട്. കാട്ടുപന്നികളുടെ ശല്യമുള്ളതിനാൽ പച്ചക്കറി കൃഷി പേരിനു മാത്രം. കരിക്കിനായി ഉപയോഗിക്കുന്ന വിവിധതരം തെങ്ങുകളാണ് ഈ കൃഷിയിടത്തിന്റെ മറ്റൊരാകർഷണം. എണ്ണൂറ് തെങ്ങുകളിൽ നിന്ന് നാൽപത്തിയഞ്ചു ദിവസം കൂടുമ്പോൾ കരിക്കെടുക്കുന്നു. ഒന്നിന് ഇരുപത് രൂപ നിരക്കിൽ മൊത്തക്കച്ചവടക്കാർക്കാണ് നൽകുന്നത്. ഹാർവെസ്റ്റ് ഫ്രഷ് ഫാം എന്ന പേരിലറിയപ്പെടുന്ന ഒരു ജൈവ സമ്മിശ്രകൃഷിയിടമാണിത്.

കണ്ണിനിമ്പം പകരുന്നതരത്തിൽ വിളകൾ ചിട്ടപ്പെടുത്തിയിരിക്കുന്നു. ഫാം ടൂറിസം മുന്നിൽ കണ്ടുകൊണ്ടാണ് ഓരോ വിളകളും ചിട്ടയോടെ നട്ടു പരിപാലിക്കുന്നത്. ജലത്തിനായി നിർമിച്ച കൃത്രിമക്കുളത്തിൽ പത്തുലക്ഷം ലിറ്റർ വെള്ളം നിറയ്ക്കാം. ഇതിൽ ആയിരത്തോളം രോഹു മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്നു. ഇതിനടുത്തായിട്ടാണ് വിശാലമായ ഹെർബൽ ഗാർഡൻ. ഇവിടെ നക്ഷത്ര



വൃക്ഷങ്ങൾക്കു പുറമെ ചന്ദനം, ഒലിവ്, തുടങ്ങി അപൂർവ വൃക്ഷങ്ങളും നൂറിൽപ്പരം ഔഷധസസ്യങ്ങളുമുണ്ട്. ചെറിയ തടാകങ്ങൾ കൃഷിയിടത്തെ ആകർഷകമാക്കുന്നു. അതിൽ ആമ്പലും ചെറുമത്സ്യങ്ങളും ഇതിൽ വളർത്തുന്നു. ജൈവവള നിർമാണത്തിനായി വെച്ചൂർ, കാസർഗോഡ് കുള്ളൻ, തമിഴ്നാട് ജനുസായ കാങ്കയം തുടങ്ങിയ പശുക്കളെ വളർത്തുന്നു. ഇവയുടെ ചാണകവും മൂത്രവും വളനിർമാണത്തിനുപയോഗിക്കുന്നു. കൂടാതെ നാലുവശവും കമ്പികെട്ടി കരിങ്കോഴി, വാത്ത, താറാവ്, നാടൻ കോഴികൾ തുടങ്ങിയവയെ വളർത്തുന്നു. ഇവയുടെ കാഷ്ഠവും വളമാണ്.

ജൈവവള നിർമാണത്തിനായി വെച്ചൂർ, കാസർഗോഡ് കുള്ളൻ, തമിഴ്നാട് ജനുസായ കാങ്കയം തുടങ്ങിയ പശുക്കളെ വളർത്തുന്നു. ഇവയുടെ ചാണകവും മൂത്രവും വളനിർമാണത്തിനുപയോഗിക്കുന്നു. കൂടാതെ നാലുവശവും കമ്പികെട്ടി കരിങ്കോഴി, വാത്ത, താറാവ്, നാടൻ കോഴികൾ തുടങ്ങിയവയെ വളർത്തുന്നു.

സമ്മിശ്രകൃഷിയിലൂടെ മാത്രമേ കാർഷിക രംഗത്ത് നേട്ടം കൈവരിക്കാൻ സാധിക്കൂ എന്ന കാഴ്ചപ്പാടാണ് കുര്യന്. ചെമ്പൂവൻ, ഞാലിപ്പൂവൻ, റോബസ്റ്റ, നേന്ത്രൻ തുടങ്ങിയ വാഴകളും കൃഷി ചെയ്തിട്ടുണ്ട്. ഫാം മാനേജറും മലയാളിയുമായ ആന്റണി ചെറുതുരത്തിലിന്റെ നേതൃത്വത്തിലാണ് കൃഷി പരിപാലനം. സപ്പോർട്ട, റെഡ്ലേഡി പപ്പായ, പ്ലാവ് തുടങ്ങിയവയോടൊപ്പം റോസ് വുഡ്, മഹാഗണി, ഈട്ടി തുടങ്ങി പത്തിലേറെ മരങ്ങളും അതിരിൽ പരിപാലിക്കുന്നു. തേനീച്ചകളെയും ഈ തോട്ടത്തിൽ കാണാൻ സാധിക്കും. അമ്പതു തേനീച്ചപ്പെട്ടികൾ ഈ കൃഷികേന്ദ്രത്തിലുണ്ട്. ചെറിയൊരു പോളിഹൗസിൽ വെള്ള കുക്കുംബറാണ് പ്രധാന ഇനം. കീടാക്രമണത്തെ ചെറുക്കാൻ കൃഷിയിടത്തിൽ സോളാർ കെണികൾ സ്ഥാപിച്ചിരിക്കുന്നു. കൃഷിയിടത്തിൽ വഴികൾ നിർമിച്ച് അതിന് ഇരുവശവും മുളകളും വിവിധതരം പനകളും നട്ട് ആകർഷകമാക്കിയിരിക്കുന്നു.

കാലാവസ്ഥയ്ക്ക് അനുയോജ്യമായ വിവിധതരം പഴവർഗച്ചെടികളെയും പക്ഷിമൃഗാദികളെയും ഉൾപ്പെടുത്തി ഈ സ്ഥലത്തെ മികച്ച കാർഷിക ഫാമായി ഉയർത്താനാണ് കുര്യൻ ജോസിന്റെ പ്ലാൻ.

*ഫോൺ: 9388610249*